[redacted] [redacted]

# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2924 10.03.2017 ൽ മറുപടിക്ക്**

**വഴിയോര വിശ്രമ കേന്ദ്രങ്ങൾ**

### ചോദ്യം

**ശ്രീ.പി.സി. ജോർജ്**

എ) യാത്ര ചെയ്ത് ക്ഷീണിച്ച് വരുന്നവർക്ക് ആശ്വാസം പകരുവാൻ കേരളത്തിലെ പ്രധാന പി.ഡബ്ല്യു.ഡി. റോഡുകളിലെ വഴിയോരങ്ങളിൽ നല്ല ഹൈടെക് സംവിധാനത്തോട് കൂടി ഭക്ഷണ പദാർത്ഥങ്ങൾ ലഭ്യമാകുന്നതും വിശ്രമ താമസ സൗകര്യമുള്ളതുമായ . വഴിയോര വിശ്രമ കേന്ദ്രങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ കണിശമായ മേൽനോട്ടത്തിൽ നടപ്പിലാക്കാൻ പദ്ധതി ആവിഷ്കരിക്കുമോ?

### ഉത്തരം

**ശ്രീ ജി സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

എ) ഔദ്യോഗിക ആവശ്യങ്ങൾക്കായി യാത്ര ചെയ്യേണ്ടിവരുന്ന ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും താമസിക്കുന്നതിനും വിശ്രമിക്കുന്നതിനുമായി കേരളത്തിലെ ജില്ലാആസ്ഥാനങ്ങളിലും പട്ടണങ്ങളിലുമായി പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച് പരിപാലിക്കുന്നതും ചുരുങ്ങിയ ചിലവിൽ വിശ്രമസൗകര്യങ്ങളുള്ളതുമായ വിശ്രമ കേന്ദ്രങ്ങൾ (റെസ്റ്റ് ഹൗസ്) നിലവിലുണ്ട്. അതിൽ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലെല്ലാം ഭക്ഷണ പദാർത്ഥങ്ങൾ ലഭ്യമാക്കുന്നുണ്ട്. വിശ്രമ കേന്ദ്രങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ദീർഘദൂര യാത്രക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്കും, വിനോദസഞ്ചാരികൾക്കും ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും വെടിപ്പുമുള്ള ടോയിലറ്റ് സൗകര്യങ്ങളോടു കൂടിയ വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി വകുപ്പ് മന്ത്രി ചെയർമാനായി പൊതുമരാമത്ത് വകുപ്പിൻ കീഴിൽ ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന

കമ്പനി രൂപീകരിച്ചിട്ടുണ്ട്. പൊതു ടോയിലറ്റുകളെക്കുറിച്ച് നിലവിലുള്ള ധാരണ മാറ്റാനുതകുന്ന വിധത്തിൽ ഭംഗിയായ രൂപകൽപനയും കൃത്യമായ പരിപാലനവും ഉറപ്പുവരുത്തി സ്വയംപര്യാപ്തമായി പ്രവർത്തിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പുരുഷൻമാർക്കും സ്ത്രീകൾക്കും പ്രായാധിക്യമുള്ളവർക്കും അംഗ വൈകല്യമുള്ളവർക്കും പ്രത്യേകം പ്രത്യേകമായി ടോയിലറ്റ് സൗകര്യത്തിന് പുറമേ ലഘുഭക്ഷണശാല, മൊമന്റോഷോപ്പ്, വിശ്രമ സൗകര്യം, യാത്രക്കാർക്കാവശ്യമായ വിവരങ്ങൾ, വാഹനങ്ങൾ കഴുകുന്നതിനും മറ്റുമുള്ള സൗകര്യം, പൂന്തോട്ടം തുടങ്ങിയവ ഉൾപ്പെടെ അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് രൂപകൽപന ചെയ്ത് 24 മണിക്കൂറും പ്രവർത്തിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ